# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2605 — 06.02.2018-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>,, രാജു എബ്രഹാം<br>,, കെ.കുഞ്ഞിരാമൻ<br>,, യു. ആർ. പ്രദീപ്: | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമ പ്രകാരം ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനും സുപ്രീം കോടതി വിധി പ്രകാരം ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനുള്ള- പദ്ധതിയും റ്റി.ആർ.ഡി.എം. ശീർഷകത്തിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ഭൂരഹിത പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി വിതരണം ചെയ്തതിന്റെ ഫലമായി, ഭൂരഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമ പ്രകാരം ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുകയുണ്ടായി. ഈ സർക്കാർ വന്നതിന് ശേഷം പുതിയതായി 2234 അപേക്ഷകൾ ലഭിക്കുകയുണ്ടായി. സർവ്വേ പ്രവർത്തന ത്തിനായി സർവ്വെ വകുപ്പിന് കൈമാറിയ ടി അപേക്ഷകളിന്മേൽ സത്വര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ സർക്കാർ വന്നതിന് ശേഷം 164 പേർക്ക് 757 ഏക്കർ ഭൂമിയുടെ കൈവശാവകാശം ലഭിച്ചിട്ടുണ്ട്. SDLC, DLC എന്നിവയുടെ പരിഗണനയിലുള്ള 5494 അപേക്ഷകൾ കൂടി തീർപ്പാക്കുന്നതോടുകൂടി കൂടുതൽ പേർക്ക് ഭൂമിയുടെ കൈവശാവകാശം ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | നിലവിൽ ഏത് ജില്ലയിലാണ് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ളതെന്ന് അറിയിക്കാമോ; | സി) | നിലവിൽ വയനാട്, പാലക്കാട്, കാസർഗോഡ്, മലപ്പുറം ജില്ലകളിലാണ് ഭൂരഹിതരുടെ എണ്ണം ഏറ്റവും കൂടുതലുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>ജില്ല — ഭൂരഹിതരുടെ എണ്ണം<br>വയനാട് — 8263<br>പാലക്കാട് — 681<br>കാസർഗോഡ് — 518<br>മലപ്പുറം — 598 |
| ഡി) | അർഹരായ മുഴുവൻ പട്ടികവർഗ്ഗ ഭൂരഹിതർക്കും ഭൂമി നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിലൂടെയും, കേന്ദ്ര സർക്കാർ വിതരണത്തിന് വിട്ട് നൽകിയ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിലൂടെയും, ഭൂമി വിലയ്ക്ക് വാങ്ങി നൽകിയുമാണ് അർഹരായ മുഴുവൻ പട്ടിക വർഗ്ഗ ഭൂരഹിതർക്കും ഭൂമി നൽകുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നത്. |

**സെക്ഷൻ ഓഫീസർ**